Malappuram District Police

## 14.07.2017 മഞ്ചേരി

തൊഴിൽ ഉടമയുടെ ബൈക്കും പണവും മോഷ്ടിച്ച തമിഴ്നാട് സ്വദേശിയെ വണ്ടൂർ പോലീസ് അറസ്റ്റുചെയ്തു. ദിണ്ഡിഗൽ സ്വദേശി വിശ്വവിജയ്(24)നെയാണ് എസ്.ഐ പി. ചന്ദ്രന്റെ നേതൃത്വത്തിലുള്ള സംഘം അറസ്റ്റുചെയ്തത്. ജെ.സി.ബി ഉടമയായ പോരൂർ സ്വദേശിയുടെ പരാതിയിലാണ് അറസ്റ്റ്. ജെ.സി.ബി. ഡ്രൈവറായി ജോലിക്കെത്തിയ പ്രതി വണ്ടൂരിലുള്ള അമ്മാവനെ കൂട്ടിക്കൊണ്ടുവരാനെന്ന വ്യാജേന ബൈക്കും വാങ്ങി മുങ്ങുകയായിരുന്നു. പിന്നീട് നടത്തിയ പരിശോധനയിലാണ് വാണിയമ്പലത്തുള്ള റൂമിൽ സൂക്ഷിച്ചിരുന്ന ഗിരീഷിന്റെ ഐ-ഫോൺ, വാച്ച്, പണമടങ്ങിയ പേഴ്സ് എന്നിവയും നഷ്ടപ്പെട്ടതായി കണ്ടെത്തിയത്. ദിണ്ഡിഗലിലെ പ്രതിയുടെ വീട്ടിൽനിന്ന് ബൈക്ക് പോലീസ് കണ്ടെടുത്തു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.